1 മാസം പ്രായമായ സുമാർ 200-ഉം കവുങ്ങിൻ തൈകളും വെട്ടി നശിപ്പിച്ച സംഭവത്തിന് ശ്രീകൃഷ്ണപുരം പി. എസ്. ക്രൈം 101/2005 നമ്പരായി 22 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2. റജി. പി. കുര്യൻ, പുളേളാലിക്കാൻ വീട്, കാവുണ്ട, കോട്ടപ്പുറം എന്നയാളുടെ 3 വർഷം പ്രായമായ 350 കവുങ്ങിൻ തൈകളും വെട്ടി നശിപ്പിച്ച സംഭവത്തിന് ശ്രീകൃഷ്ണപുരം പി. എസ്. ക്രൈം 102/05 നമ്പരായി 21 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

3. കോയ, പുതുകുടിയിൽ വീട്, കാവുണ്ട, കോട്ടപ്പുറം എന്ന ആളുടെ 3 വർഷം പ്രായമായ 1000 കവുങ്ങിൻ തൈകളും വെട്ടി നശിപ്പിച്ച സംഭവത്തിന് ശ്രീകൃഷ്ണപുരം പി. എസ്. ക്രൈം 103/05 നമ്പരായി 21 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

4. സ്കന്ദൻ, പന്തവുലാക്കൻ തെരുവ്, കോട്ടപ്പുറം എന്നയാളുടെ വക 3 വർഷം പ്രായമായ 400 കവുങ്ങിൻ തൈകളും വെട്ടി നശിപ്പിച്ച സംഭവത്തിന് ശ്രീകൃഷ്ണപുരം പി. എസ്. ക്രൈം 104/05 നമ്പരായി 22 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

5. നരേന്ദ്രൻ, നന്ദനം വീട്, കോട്ടപ്പുറം എന്നയാളുടെ വക 4 വർഷം പ്രായമായ 350 കവുങ്ങിൻ തൈകളും വെട്ടി നശിപ്പിച്ച സംഭവത്തിന് ശ്രീകൃഷ്ണപുരം പി. എസ്. ക്രൈം 105/05 നമ്പരായി 21 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

6. മുഹമ്മദ്, അലിക്കൻ, കോത്തപ്പുറത്ത് വീട്, അറക്കപ്പറമ്പ്, പെരിന്തൽമണ്ണ എന്നയാളുടെ വക കോട്ടപ്പുറത്തെ സ്ഥലത്തെ ഒരു വർഷത്തോളം പ്രായമുള്ള 1000 കവുങ്ങിൻ തൈകളും വെട്ടിനശിപ്പിച്ച സംഭവത്തിന് ശ്രീകൃഷ്ണപുരം പി. എസ്. ക്രൈം 106/05 നമ്പരായി 21 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ കേസുകളിൽ 143, 147, 148, 447, 427, 506(u) (1) r/w 149 ഐ.പി.സി. വകുപ്പുകളും പ്രകാരം കേസെടുത്തിട്ടുണ്ട്. പ്രതികളെല്ലാം കെ.എസ്. കെ.ററി.യു./സി.പി.ഐ. (എം) അനുഭാവികളാണ്.

(ഡി) മേൽപ്പറഞ്ഞ എല്ലാ കേസിലേയും എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഇ) ഈ കേസുകളുടെ അന്വേഷണം നടത്തുന്നത് ശ്രീകൃഷ്ണപുരം പോലീസ് സബ് ഇൻസ്പെക്ടർ ആണ്. എല്ലാ കേസുകളും അന്വേഷണാവസ്ഥയിലാണ്.

(എഫ്) നിയമവശങ്ങൾ പരിശോധിക്കുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ കൊലപാതകം

39. [802] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറെറടുത്ത ശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരായ എത്ര പേർ കൊലചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ സ്ത്രീകൾ എത്ര; കുട്ടികൾ എത്ര;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ പീഡിപ്പിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 22 പേർ കൊലചെയ്യപ്പെട്ടിട്ടുണ്ട്.
സ്ത്രീകൾ—10
കുട്ടികൾ—1

(ബി) 175 കേസുകൾ

മാള ഇരട്ടകൊലപാതകം

40 [803] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള-പള്ളിപ്പുറത്ത് പരേതനായ കളത്തിൽപറമ്പിൽ പരീതിന്റെ വിധവയും മരുമകളും കൊല്ലപ്പെട്ടത് സംബന്ധിച്ച് കേസന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(ബി) എങ്കിൽ സമയബന്ധിതമായി പ്രതികളെ പിടികൂടുവാൻ പോലീസിന് കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഈ കേസിന്റെ അന്വേഷണം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 3-2-2005-ലെ റിട്ട് പെറ്റീഷൻ 15730/04-ൻ മേലുള്ള വിധി പ്രകാരം 26-4-2005-ന് മുംബൈ സി.ബി.ഐ. യൂണിറ്റിന് കൈമാറിയിട്ടുണ്ട്.

(ബി) ഉത്തരം 'എ' യുടെ വെളിച്ചത്തിൽ മറുപടി ആവശ്യമില്ല.

കോൺസ്റ്റബിൾ ഭാസ്ക്കരൻ നായരുടെ മരണം

41 [804] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് പോലീസ് സ്റ്റേഷനിലെ കോൺസ്റ്റബിളായിരുന്ന ശ്രീ. ഭാസ്ക്കരൻ നായരുടെ മരണവുമായി ബന്ധപ്പെട്ട വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) കേസ് അന്വേഷണം സി.ബി.ഐ.-ക്ക് വിടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(സി) കേസ് അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി, സി) കേസ് സി.ബി.ഐ.-ക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly